

>> കവർസ്റ്റോറി

അബൂ യാസിർ

# വർഗീയതയോടുള്ള ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സമീപനം

**ഇസ്‌ലാമിന്റെ ആദർശവും ലക്ഷ്യവുമെന്താണോ അതുതന്നെയാണ് ജമാഅത്തിന്റെയും ആദർശ ലക്ഷ്യങ്ങൾ. മറ്റേതു വിഷയത്തോടുമെന്ന പോലെ വർഗീയതയോടും ജമാഅത്തിന്റെ സമീപനം രൂപപ്പെടുന്നത് ഇസ്‌ലാമിക പ്രമാണങ്ങളിൽനിന്നാണ്. ഇസ്‌ലാമിക ദൈവസങ്കൽപത്തിന്റെ അസ്തിവാരം അനാദിയും അനന്തവും ആത്യന്തിക കാരണവുമായ ദൈവത്തിന്റെ ഏകത്വമാണ്. അതുപോലെ മനുഷ്യന്റെ ഏകാത്മകതയാണ് മാനവിക ദർശനത്തിന്റെ അസ്തിവാരം.**

**സംഘടനകളുടെയും** പ്രസ്ഥാനങ്ങളുടെയും സ്വഭാവം നിർണയിക്കാനുള്ള ആധികാരിക മാനദണ്ഡം അവയുടെ പ്രഖ്യാപിതമായ ആദർശങ്ങളാണ്. വൈരുധ്യാധിഷ്ഠിത ഭൗതികവാദത്തിലും വർഗസമരത്തിലും വിശ്വസിക്കുകയും സ്ഥിതിസമത്വം ലക്ഷ്യമാക്കുകയും ചെയ്യുന്ന പ്രസ്ഥാനങ്ങളുടെ സാമ്പത്തിക സമീപനം ആ ആദർശം തന്നെ വ്യക്തമാക്കിത്തരുന്നു. വംശമേധാവിത്വത്തിൽ വിശ്വസിക്കുകയും വർണാശ്രമ വ്യവസ്ഥിതിയുടെ സംസ്ഥാപനം ലക്ഷ്യമാക്കുകയും ചെയ്യുന്ന സംഘടനയുടെ സ്വഭാവം നിർണയിക്കുന്നത് ആ ആദർശമാണ്. ഇക്കാലത്ത് പക്ഷേ, പല സംഘങ്ങളുടെയും പ്രഖ്യാപിത ആദർശ ലക്ഷ്യങ്ങൾ അവയുടെ സ്വഭാവം നിർണയിക്കാനുള്ള മാനദണ്ഡം അല്ലാതായിത്തീർന്നിട്ടുണ്ട്. പ്രഖ്യാപിത സിദ്ധാന്തങ്ങൾ അപ്രഖ്യാപിത ലക്ഷ്യങ്ങൾക്കും അതിലേക്കുള്ള മാർഗങ്ങൾക്കും മറയിടാനുള്ള തിരശ്ശീലയായിട്ടാണ് പലപ്പോഴും അവതരിപ്പിക്കപ്പെടുന്നത്. ആഗോള മുതലാളിത്ത കോയ്മകളുടെ കാര്യത്തിൽ ഇത് വളരെ വ്യക്തമായി കാണാം. ആധുനിക സാമ്രാജ്യത്വം ദുർബല രാജ്യങ്ങളിൽ അധിനിവേശം നടത്തുന്നതും അവയുടെ വിഭവങ്ങൾ ചൂഷണം ചെയ്യുന്നതും, സ്വാതന്ത്ര്യം, ജനാധിപത്യം, മൗലികാവകാശം തുടങ്ങിയ മൂല്യങ്ങൾ സംസ്ഥാപിക്കുക എന്ന ലക്ഷ്യം ഉയർത്തിപ്പിടിച്ചുകൊണ്ടാണ്. സോഷ്യലിസം ലക്ഷ്യമായി അംഗീകരിച്ചവരാണ് ഇന്ത്യയിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും. പക്ഷേ, ചില പാർട്ടികൾ നിലകൊള്ളുന്നത് കറകളഞ്ഞ മുതലാളിത്ത ക്രമത്തിനുവേണ്ടിയാണെന്നും ചിലതിന്റെ ലക്ഷ്യം വർഗീയ ഫാഷിസ്റ്റ് ആധിപത്യമാണെന്നും എല്ലാവർക്കും അറിയാം. ഈ സാഹചര്യത്തിൽ സംഘടനകളെ മനസ്സിലാക്കാൻ പ്രഖ്യാപിത ലക്ഷ്യങ്ങൾക്കൊപ്പം അവയുടെ പ്രവർത്തനവും കൂടി വിലയിരുത്തേണ്ടത് അനിവാര്യമാകുന്നു.

ഒരു സംഘടനയുടെ പ്രഖ്യാപിതമായ ആദർശ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ് അതിന്റെ പ്രവർത്തനമെങ്കിൽ, പ്രവർത്തനം സൂചിപ്പിക്കുന്നതെന്താണോ അതാണ് അതിന്റെ യഥാർഥ ലക്ഷ്യമെന്ന കാര്യം അവിതർക്കിതമാകുന്നു. ഏതു സംഘടനക്കും പ്രായോഗികരംഗത്ത് അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ തരണം ചെയ്യാൻ ചില നീക്കുപോക്കുകൾ ചെയ്യേണ്ടിവന്നേക്കും. താൽക്കാലികമായ അത്തരം അടവുനയങ്ങളെക്കുറിച്ചല്ല പറയുന്നത്. വേദിയിൽ ആളുകളെ ആകർഷിക്കാൻ മഹത്തായ ആദർശലക്ഷ്യങ്ങൾ പ്രസംഗിക്കുകയും, അണിയറയിൽ നേരെ വിപരീതമായ ലക്ഷ്യങ്ങളിലേക്കുള്ള കുത്സിത മാർഗത്തിലൂടെ സഞ്ചരിക്കുകയും ചെയ്യുന്നതിനെക്കുറിച്ചാണ്. ഇന്ത്യയിലും പുറത്തും ഇത്തരത്തിലുള്ള നിരവധി മത-രാ

ഷ്ട്രീയ-സാംസ്കാരിക സംഘടനകള്‍ പ്രവര്‍ത്തിച്ചുവരുന്നുണ്ട്. പ്രഖ്യാപിതമായ ആദര്‍ശസിദ്ധാന്തങ്ങള്‍ മാത്രം വിലയിരുത്തി അവയുടെയൊന്നും യഥാര്‍ഥ സ്വഭാവം മനസ്സിലാക്കാനാവില്ല.

ഇന്ത്യന്‍ ജമാഅത്തെ ഇസ്‌ലാമി തുടക്കം മുതലേ ഒരു വിവാദ സംഘടനയാണ്. വര്‍ഗീയതയും മതമൗലികവാദവും അതിന്റെ മേല്‍ ആരോപിക്കപ്പെടുന്നുണ്ട്. ഇതൊരു വശത്ത്. മറുവശത്ത്, ഇസ്‌ലാമിനെ തകര്‍ക്കുന്ന വഴിപിഴച്ച സംഘടനയെന്നും ആക്ഷേപിക്കപ്പെടുന്നു. ഇനിയുമൊരു വശത്ത് മൂല്യബോധവും ധര്‍മനിഷ്ഠയുമുള്ള ദൈവഭക്തരും മനുഷ്യ സ്നേഹികളുമായ സമാധാനകാംക്ഷികളുടെ കൂട്ടായ്മയായും ജമാഅത്ത് വിലയിരുത്തപ്പെടുന്നുണ്ട്. നടേ സൂചിപ്പിച്ചതനുസരിച്ച് ജമാഅത്തെ ഇസ്‌ലാമിയുടെ ആദര്‍ശ ലക്ഷ്യങ്ങളും പ്രവര്‍ത്തന പരിപാടികളും ഒരുപോലെ പരിശോധിച്ചുകൊണ്ട് വര്‍ഗീയതയോടുള്ള ആ സംഘടനയുടെ നിലപാട് വിലയിരുത്താനാണ് ഇവിടെ ശ്രമിക്കുന്നത്.

## വര്‍ഗീയതയെ ചെറുക്കുന്ന മാനവിക ദര്‍ശനം

ജമാഅത്തെ ഇസ്‌ലാമി ഒരു ഇസ്‌ലാമിക പ്രസ്ഥാനമാണ്. ഇസ്‌ലാമിനെ ഒരു പ്രത്യയശാസ്ത്രമായി ഉള്‍ക്കൊള്ളുകയും അതിന്റെ സാക്ഷാത്കാരത്തിനായി പ്രവര്‍ത്തിക്കുകയും ചെയ്യുന്ന പ്രസ്ഥാനം. ഇസ്‌ലാമിന്റെ ആദര്‍ശവും ലക്ഷ്യവുമെന്താണോ അതുതന്നെയാണ് ജമാഅത്തിന്റെയും ആദര്‍ശലക്ഷ്യങ്ങള്‍. മറ്റേതു വിഷയത്തോടുമെന്ന പോലെ വര്‍ഗീയതയോടും ജമാഅത്തിന്റെ സമീപനം രൂപപ്പെടുന്നത് ഇസ്‌ലാമിക പ്രമാണങ്ങളില്‍നിന്നാണ്. ഇസ്‌ലാമിക ദൈവസങ്കല്‍പത്തിന്റെ അസ്തിവാരം അനാദിയും അനന്തവും ആത്യന്തിക കാരണവുമായ ദൈവത്തിന്റെ ഏകത്വമാണ്. അതുപോലെ മനുഷ്യന്റെ ഏകാത്മകതയാണ് മാനവിക ദര്‍ശനത്തിന്റെ അസ്തിവാരം. ഒരൊറ്റ ദൈവം ഒരേ മനുഷ്യന്‍ എന്ന തത്ത്വത്തില്‍നിന്നാണ് ഇസ്‌ലാമിന്റെ പ്രപഞ്ചവീക്ഷണവും ജീവിതദര്‍ശനവും ഉരുവം കൊള്ളുന്നത്. ഖുര്‍ആന്‍ സംബോധന ചെയ്യുന്നത് ഏതെങ്കിലും ദേശത്തെയോ വംശത്തെയോ അല്ല; മനുഷ്യരാശിയെ ഒന്നടങ്കമാണ്. "അല്ലയോ മനുഷ്യരേ, വിധാതാവ് അനുശാസിച്ച ധര്‍മങ്ങള്‍ ജാഗ്രതയോടെ പാലിക്കുവിന്‍. ഒരൊറ്റ ആത്മാവില്‍നിന്ന് നിങ്ങളെ സൃഷ്ടിച്ചവനത്രെ ആ വിധാതാവ്. ആ ആത്മാവില്‍നിന്നു

**അന്യ കുടുംബങ്ങളോട് വെറുപ്പ് ആവശ്യപ്പെടുന്ന കുടുംബസ്നേഹം അധമവും കുത്സിതവുമാണ്. ഗോത്രസ്നേഹത്തിന്റെയും സമുദായ സ്നേഹത്തിന്റെയും കാര്യവും ഇതുതന്നെ. ഒരു വ്യക്തിയോ ഗോത്രമോ സമൂഹമോ സ്വജനങ്ങളുടെ പുരോഗതിയിലും ക്ഷേമതാല്‍പര്യങ്ങളിലും ശ്രദ്ധിക്കുന്നതിലപ്പുറം സ്വവര്‍ഗത്തിന്റെ മേധാവിത്വത്തില്‍ വിശ്വസിക്കുകയും ഇതര വര്‍ഗങ്ങളോട് അവജ്ഞയും വെറുപ്പും പുലര്‍ത്തുകയും അന്യായമായ മാര്‍ഗങ്ങളിലൂടെ അവരുടെ അവകാശങ്ങള്‍ ഹനിക്കാന്‍ ശ്രമിക്കുകയുമാണ് വര്‍ഗീയത.**

തന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും അവ രണ്ടില്‍നിന്നുമായി പെരുത്തു സ്ത്രീ- പുരുഷന്മാരെ ലോകത്ത് പരത്തുകയും ചെയ്തവന്‍. നിങ്ങള്‍ പരസ്പരം അവകാശങ്ങള്‍ ചോദിക്കാന്‍ സാക്ഷിയാക്കുന്ന അല്ലാഹുവിന്റെ വിധിവിലക്കുകള്‍ സൂക്ഷ്മതയോടെ അനുസരിക്കുവിന്‍. അവകാശങ്ങള്‍ക്കടിസ്ഥാനമായ കുടുംബബന്ധങ്ങള്‍ ശിഥിലമാകാതെ സൂക്ഷിക്കുവിന്‍" (ഖുര്‍ആന്‍ 4:1).

ദൈവം ആദിയില്‍ ഒരൊറ്റ മനുഷ്യനെ ഉളവാക്കി. അതിനെ വിഭജിച്ച് അതിന് ഇണയെ ഉണ്ടാക്കി. ആ ജോടി പരസ്പര പ്രവര്‍ത്തനത്തിലൂടെ വീണ്ടും വീണ്ടും വിഭജിതമായി പെരുകിയതാണ് ഈ ലോകത്തു കാണപ്പെടുന്ന മനുഷ്യരാശകലം. ആരും അന്യരല്ല. എല്ലാവരും ഒരേ ചോരയാണ്. മനുഷ്യാവകാശങ്ങളുടെയും മാനുഷിക ബന്ധങ്ങളുടെയും ആദി ബീജമാണ് ഈ ഏകാത്മകത. അത് സംരക്ഷിക്കപ്പെടുന്നതിലാണ് മനുഷ്യജന്മത്തിന്റെ സാഫല്യം. പാരില്‍ പരന്ന മര്‍ത്യരുടെ സഫലമായ വാഴ്‌വിന്റെ പാഠങ്ങളാണ് ദൈവത്തിന്റെ ധര്‍മശാസനകള്‍. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധവും, മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധവും പരിപോഷിപ്പിച്ചുകൊണ്ട് ജീവിതം സഫലവും സമുജ്ജ്വലവുമാക്കാനാണ് ഖുര്‍ആന്‍ ആഹ്വാനം ചെയ്യുന്നത്.

മറ്റൊരു സൂക്തത്തില്‍ ദൈവം അരുള്‍ ചെയ്യുന്നതിങ്ങനെയാണ്: "അല്ലയോ മനുഷ്യരേ, ഒരാണില്‍നിന്നും പെണ്ണില്‍നിന്നുമാണ് നാം നിങ്ങളെ സൃഷ്ടിച്ചത്. നിങ്ങളെ പല പല സമുദായങ്ങളും ഗോത്രങ്ങളുമാക്കിയത് പരസ്പരം തിരിച്ചറിയേണ്ടതിനാകുന്നു. നിങ്ങളില്‍ ഏറ്റം ദൈവഭക്തിയുള്ളവനത്രെ നിങ്ങളില്‍ ഏറ്റം ഉത്കൃഷ്ടന്‍" (49:13). ഈ സൂക്തം മനുഷ്യന്റെ ഏകാത്മകതയെ ഊന്നിപ്പറയുന്നതോടൊപ്പം അവനില്‍ കാണപ്പെടുന്ന ബാഹ്യ വൈവിധ്യങ്ങളുടെ യാഥാര്‍ഥ്യം വിശദീകരിക്കുകയും ചെയ്യുന്നു. സാമുദായികവും ഗോത്രപരവുമായ വ്യതിരിക്തതകള്‍ ഉച്ചനീചത്വ സൂചകങ്ങളല്ല; തിരിച്ചറിയപ്പെടാനുള്ള അടയാളങ്ങള്‍ മാത്രമാണ്. ഇത്തരം ഐഡന്റിറ്റികള്‍ ഇല്ലായിരുന്നുവെങ്കില്‍ മനുഷ്യരാശകലം ഒരു തടാകത്തിലെ ജലകണങ്ങള്‍ പോലെ, വ്യക്തിത്വവും മേല്‍വിലാസവുമില്ലാത്തവരായിത്തീരുമായിരുന്നു. മനുഷ്യന്‍ ഒന്നായിരിക്കെത്തന്നെ അവരെ പലതുമാക്കിയിരിക്കുന്നു; ഓരോരുത്തരും സ്വയം തിരിച്ചറിയാനും അപരനെ തിരിച്ചറിയാനും. പല ധര്‍മങ്ങള്‍ ഏറ്റെടുക്കാനും ഓരോ മനുഷ്യനും അവന്റേതായ ജീവിതം ജീവിക്കാനും. ഈ അടയാളങ്ങള്‍ മനുഷ്യര്‍ക്കിടയിലെ ഒരുമയുടെ നിഷേധവുമല്ല. ഔന്നത്യവും അധമത്വവും അവരവരില്‍ നിക്ഷിപ്തമായ ധര്‍മത്തിന്റെ നിര്‍വഹണത്തെ അഥവാ ഓരോരുത്തരുടെയും ദൈവഭക്തിയെ മാത്രം ആശ്രയിച്ചിരിക്കുന്നു. മുഹമ്മദ് നബി പ്രസ്താവിച്ചു: "അറബിക്ക് അനറബിയെക്കാളും, അനറബിക്ക് അറബിയെക്കാളും, വെളുത്തവന് കറുത്തവനെക്കാളും, കറുത്തവന് വെളുത്തവനെക്കാളും യാതൊരു ശ്രേഷ്ഠതയുമില്ല. എല്ലാവരും ആദമിന്റെ മക്കള്‍. ആദമോ, മണ്ണില്‍നിന്ന് സൃഷ്ടിക്കപ്പെട്ടവനും". വര്‍ഗീയ വികാരത്തെ മൂഢവും പ്രാകൃതവുമായ ജാഹിലിയ്യാ വികാരമായിട്ടാണ് പ്രവാചകന്‍ വിശേഷിപ്പിച്ചിട്ടുള്ളത്.

## മദീനയിലെ ആദര്‍ശ സമൂഹം

വര്‍ഗീയ വികാരത്തിനതീതമായ ഒരു ബഹുവംശീയ സമൂഹം ലോകത്താദ്യമായി കെട്ടിപ്പടുത്തത് ഇസ്‌ലാമിന്റെ പ്രവാചകനായിരുന്നു. മദീനയില്‍ പ്രവാചകന്‍ സ്ഥാപിച്ച സമൂഹത്തില്‍ ബിലാലിനെപ്പോലെ ആഫ്രിക്കയില്‍നിന്നു വന്ന നീഗ്രോ അടിമകളുണ്ടായിരുന്നു. സല്‍മാനുല്‍ ഫാരിസിയെപ്പോലെ പേര്‍ഷ്യയില്‍

നിന്നെത്തിയവരുമുണ്ടായിരുന്നു. റോമിൽ നിന്നു വന്ന സുഹൈബുമുണ്ടായിരുന്നു. ഇപ്പറഞ്ഞവർ ആ സമൂഹത്തിലെ പ്രമുഖരായി അംഗീകരിക്കപ്പെടാൻ അവരുടെ വംശീയതകൾ തടസ്സമായിട്ടില്ല. ആദർശ വീര്യവും ധർമനിഷ്ഠയും മാത്രമായിരുന്നു അവിടെ ഔന്നത്യത്തിനാധാരം. പ്രവാചകന്റെ സമൂഹത്തിൽ മുസ്‌ലിംകളാവാത്ത, ജൂത മതവിശ്വാസികളും ക്രൈസ്തവ വിശ്വാസികളും കൂടി അംഗങ്ങളായിരുന്നു. വിഗ്രഹാരാധക ഗോത്രങ്ങളും പ്രവാചകനുമായി സൗഹൃദ സഖ്യത്തിലേർപ്പെട്ടിരുന്നു. ആദർശതലത്തിൽ അവരെയെല്ലാം എതിർക്കുമ്പോൾതന്നെ മാനുഷിക തലത്തിൽ എല്ലാവരെയും തുല്യരും സഹജരുമായിത്തന്നെയാണ് കണ്ടിരുന്നത്.

ഇസ്‌ലാമിലേക്ക് കടന്നു വന്നവർ അവരുടെ ഗോത്രങ്ങളുടെയും വംശങ്ങളുടെയും പേരിൽ അറിയപ്പെട്ടത് മേൽവിലാസം എന്ന നിലയിലായിരുന്നു; ഉച്ചനീചത്വത്തിലധിഷ്ഠിതമായ ജാതി ഭാവനയുടെ അടിസ്ഥാനത്തിലായിരുന്നില്ല. കേരളത്തിലെ മുസ്‌ലിംസമൂഹം ഇതിന്റെ വ്യക്തമായ ഉദാഹരണമാണ്. ജാതിവിവേചനം കൊടികുത്തി വാണിരുന്ന കേരളത്തിലെ എല്ലാ ജാതികളിൽനിന്നും ആളുകൾ ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ട്. ഉയർന്ന ജാതിക്കാരാവട്ടെ, താഴ്ന്ന ജാതിക്കാരാവട്ടെ, മതം മാറുന്നതോടെ അവരുടെ ജാതി പൊഴിഞ്ഞുപോകുന്നു. ഒന്നോ രണ്ടോ തലമുറ കഴിയുന്നതോടെ പൂർവകാലത്ത് അവർ ഏതു ജാതിക്കാരായിരുന്നു എന്ന കാര്യം വിസ്മൃതമാകുന്നു. അതേസമയം ജാതീയതയോട് സന്ധിയില്ലാസമരം പ്രഖ്യാപിച്ച കക്ഷികൾക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവെക്കുകയും അനേകദശകങ്ങൾ അതിനു നേതൃത്വം നൽകുകയും ചെയ്തവർ നായരും നായനാരും നമ്പൂതിരിയുമായിത്തന്നെ മരിച്ചുപോകുന്നതും നാം കാണുന്നു.

കുടുംബം, ഗോത്രം, സമുദായം തുടങ്ങിയ കൂട്ടായ്മകളെയോ വ്യക്തിക്ക് അവയുമായുള്ള പ്രത്യേക സ്നേഹത്തെയോ ഇസ്‌ലാം നിഷേധിക്കുന്നില്ല. കുടുംബത്തെ പവിത്രമായ സ്ഥാപനമായിട്ടാണ് അത് കാണുന്നത്. കുടുംബ ബന്ധങ്ങൾ ശിഥിലീകരിക്കുന്നതിനെ സത്യനിഷേധമായി വിലയിരുത്തുകയും ചെയ്യുന്നു. നല്ല വ്യക്തികളിലൂടെ നല്ല കുടുംബം. നല്ല കുടുംബങ്ങളിലൂടെ നല്ല സമൂഹം. നല്ല സമൂഹങ്ങളിലൂടെ നല്ല ലോകം. ഇതാണ് ഇസ്‌ലാമിന്റെ ഉന്നം. ഒരാൾ മറ്റുള്ളവരേക്കാൾ തന്നെത്തന്നെ സ്നേഹിക്കുന്നതും തന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതും സ്വാഭാവികമാണ്. എന്നാൽ തന്നോടുള്ള സ്നേഹം അന്യരോടുള്ള വിദ്വേഷവും സ്വന്തം താൽപര്യ സംരക്ഷണം അന്യരുടെ ന്യായമായ അവകാശങ്ങളുടെ നിഷേധവുമാകുമ്പോൾ അത് നീചമായ സ്വാർഥതയാകുന്നു. ഒരാൾക്ക് സ്വന്തം കുടുംബത്തോട് സവിശേഷമായ കൂറും സ്നേഹവുമുണ്ടാവുക മനുഷ്യപ്രകൃതിയാണ്. അതങ്ങനെ ആയിരിക്കേണ്ടത് അനിവാര്യവുമാണ്. ഈ കൂറും സ്നേഹവും പക്ഷേ, അന്യ കുടുംബങ്ങളോട് വെറുപ്പും വിദ്വേഷവും ആവശ്യപ്പെടുന്നില്ല. അന്യ കുടുംബങ്ങളോട് വെറുപ്പ് ആവശ്യപ്പെടുന്ന കുടുംബസ്നേഹം അധമവും കുത്സിതവുമാണ്. ഗോത്രസ്നേഹത്തിന്റെയും സമുദായ സ്നേഹത്തിന്റെയും കാര്യവും ഇതുതന്നെ. ഒരു വ്യക്തിയോ ഗോത്രമോ സമൂഹമോ സ്വജനങ്ങളുടെ പുരോഗതിയിലും ക്ഷേമതാൽപര്യങ്ങളിലും ശ്രദ്ധിക്കുന്നതിലപ്പുറം സ്വവർഗത്തിന്റെ മേധാവിത്വത്തിൽ വിശ്വസിക്കുകയും ഇതര വർഗങ്ങളോട് അവജ്ഞയും വെറുപ്പും പുലർത്തുകയും അന്യായമായ മാർഗങ്ങളിലൂടെ അവരുടെ അവകാശങ്ങൾ ഹനിക്കാൻ ശ്രമിക്കുകയുമാണ് വർഗീയത.

## വർഗീയത അടിസ്ഥാന പ്രമാണങ്ങൾക്ക് വിരുദ്ധം

ഇതാണ് മനുഷ്യരുടെ വർഗ വൈവിധ്യം സംബന്ധിച്ച ഇസ്‌ലാമിന്റെ താത്ത്വിക സമീപനവും പ്രായോഗിക രീതിയും. ഇസ്‌ലാമിനെ അതിന്റെ ശരിയായ രൂപത്തിൽ സമൂഹത്തിൽ സ്ഥാപിക്കുകയാണ് ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യം. അതാണ് ഇഖാമത്തുദ്ദീൻ. വർഗീയത ജമാഅത്ത് ഉയർത്തിപ്പിടിക്കുന്ന അടിസ്ഥാന പ്രമാണങ്ങൾക്ക് വിരുദ്ധമാകുന്നു എന്നാണതിനർഥം. ജമാഅത്തിന്റെ ഭരണഘടന 5-ാം ഖണ്ഡികയിൽ അക്കാര്യം അസന്ദിഗ്ധമായി പറഞ്ഞിട്ടുണ്ട്: "ജമാഅത്ത് അതിന്റെ മുഴുവൻ പ്രവർത്തനങ്ങളിലും ധാർമിക പരിധികൾ പാലിക്കുന്നതായിരിക്കും. സത്യസന്ധതക്കും വിശ്വസ്തതക്കും നിരക്കാത്തതോ വർഗീയ വിദ്വേഷവും വർഗസംഘട്ടനവും ഭൂമുഖത്ത് നാശവും പൊട്ടിപ്പുറപ്പെടാൻ ഇടയാക്കുന്നതോ ആയ മാർഗങ്ങളും പരിപാടികളും ഒരിക്കലും അത് സ്വീകരിക്കുന്നതല്ല." ജമാഅത്തിന്റെ പോളിസി പ്രോഗ്രാമിൽ പറയുന്നു: "വർഗീയ വിദ്വേഷം, അയിത്തം, ഉച്ചനീചത്വം, സാംസ്കാരികമായ ആക്രമണം എന്നിവ അവസാനിപ്പിക്കാനും നന്മ വളർത്താനും തിന്മ ദൂരീകരിക്കാനും പരിശ്രമിക്കുന്നതാണ്."

1951-ൽ രാംപൂരിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ സമ്മേളനത്തിൽ അന്നത്തെ അമീറായിരുന്ന മൗലാനാ അബുല്ലൈസ് ഇസ്‌ലാഹി അവതരിപ്പിച്ച 'ജമാഅത്തെ ഇസ്‌ലാമി ലക്ഷ്യം, മാർഗം' എന്ന രേഖയിൽ സംഘടനയുടെ അഞ്ചാമത്തെ സിദ്ധാന്തമായി പറയുന്നു: "ഇത്തരം പ്രസ്ഥാനത്തിൽ വീക്ഷിക്കേണ്ട അഞ്ചാമത്തെ സിദ്ധാന്തം സാമുദായികവും വർഗീയവും ദേശീയവുമായ സകലവിധ പക്ഷപാതിത്വങ്ങളിൽ നിന്നും താൽപര്യങ്ങളിൽനിന്നും അതിനെ തികച്ചും പരിശുദ്ധമാക്കി നിർത്തണമെന്നതാണ്. ഇസ്‌ലാം ഒരു ദീൻ അഥവാ ജീവിതക്രമം ആണെന്നും അതിന്റെ അടിത്തറ പ്രകൃതി തത്ത്വങ്ങളിലാണ് കെട്ടിപ്പടുക്കപ്പെട്ടിട്ടുള്ളതെന്നും ആ തത്ത്വങ്ങൾക്ക് ദേശീയതയോടും വർഗീയതയോടും യാതൊരു ബന്ധവുമില്ല എന്നും മുമ്പേ പ്രസ്താവിച്ചിട്ടുള്ളതാണ്."

സ്വാതന്ത്ര്യ സമരകാലത്ത് വർഗീയാടിസ്ഥാനത്തിൽ ഇന്ത്യയെ വിഭജിക്കുന്നതിനെ ശക്തിയുക്തം എതിർക്കുകയായിരുന്നു ജമാഅത്തെ ഇസ്‌ലാമിയും അതിന്റെ സ്ഥാപക നേതാവായ അബുൽ അഅ്‌ലാ മൗദൂദിയും. 1947-ൽ ഇന്ത്യാ വിഭജനം ഒരു യാഥാർഥ്യമായിത്തീർന്ന സന്ദർഭത്തിൽ മദ്രാസിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി ദക്ഷിണ മേഖലാ സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് മൗദൂദി സാഹിബ് ഇന്ത്യയിൽ അവ

**ജമാഅത്ത് എവിടെയെങ്കിലും വർഗീയാസ്വാസ്ഥ്യം ഇളക്കിവിട്ടതായോ ഏതെങ്കിലും വർഗീയ കലാപത്തിൽനിന്ന് മുതലെടുക്കാൻ ശ്രമിച്ചതായോ ചരിത്രമില്ല. സ്വതന്ത്ര ഇന്ത്യയിൽ ഇതിനകം എണ്ണമറ്റ വർഗീയ കലാപങ്ങളെക്കുറിച്ച് അന്വേഷിച്ച ഏജൻസികളൊന്നും ഏതെങ്കിലും വർഗീയ ലഹളയിൽ ജമാഅത്തെ ഇസ്‌ലാമി എന്തെങ്കിലും തരത്തിൽ പങ്കുവഹിച്ചതായി ആരോപിച്ചിട്ടില്ല.**

ശേഷിക്കുന്ന മുസ്‌ലിംകൾക്ക് സുപ്രധാനമായ നാലു നിർദേശങ്ങൾ നൽകുകയുണ്ടായി. അതിൽ ഒന്നാമത്തേത് ഇതായിരുന്നു: “മുസ്‌ലിംകൾക്കും ഹിന്ദുക്കൾക്കുമിടയിൽ ഇപ്പോൾ നടമാടുന്ന സാമുദായിക സംഘർഷത്തിന് അറുതിവരുത്തുക. മുസ്‌ലിംകൾ ഇസ്‌ലാമിനുവേണ്ടി പ്രവർത്തിക്കുന്നതിനു പകരം സാമുദായിക താൽപര്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടി പ്രവർത്തിക്കുന്നതു തന്നെ എന്റെ വീക്ഷണത്തിൽ തെറ്റാണ്. എന്നാൽ ഈ പോരാട്ടം തുടരുന്നത് വെറുമൊരു തെറ്റല്ല; മറിച്ച് വിനാശകരവും വിഡ്ഢിത്ത പൂർണവുമായ ഒരു തെറ്റാണ്.” മുസ്‌ലിംകൾ വർഗീയമായി സംഘടിക്കുകയും സാമുദായിക താൽപര്യങ്ങൾക്കു വേണ്ടി മാത്രം പോരാടുകയും ചെയ്യുന്നത് വമ്പിച്ച അബദ്ധമാകുമെന്നു മാണ് മൗദൂദി ഓർമിപ്പിക്കുന്നത്. വിഭജനാനന്തരം മൗദൂദിയുടെ നിർദേശങ്ങൾ അടിസ്ഥാന രേഖയായി സ്വീകരിച്ചുകൊണ്ടാണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി പുനഃസംഘടിപ്പിക്കപ്പെട്ടത്.

### ചരിത്രത്തിന്റെ ഉജ്ജ്വല സാക്ഷ്യം

ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശ പ്രമാണങ്ങളിലോ അവക്ക് നൽകുന്ന ഉപരിസൂചിതമായ വിശദീകരണങ്ങളിലോ വർഗീയത ആരോപിക്കാൻ യാതൊരു പഴുതുമില്ല. വർഗീയ മുക്തമായ ആദർശാഖ്യാനങ്ങൾ അപ്രഖ്യാപിതമായ മറ്റേതോ ലക്ഷ്യങ്ങളെ മറച്ചുപിടിക്കാനുള്ള തിരശ്ശീലയാണെന്നും യഥാർഥത്തിൽ ഈ സംഘടന വർഗീയതയിൽ തന്നെയാണ് നിലകൊള്ളുന്നതെന്നും വാദിക്കപ്പെടാം. എങ്കിൽ ജമാഅത്തെ ഇസ്‌ലാമിയുടെ ഇതഃപര്യന്തമുള്ള പ്രവർത്തന ചരിത്രത്തിൽനിന്നാണ് അതിന്റെ നിജസ്ഥിതി അറിയേണ്ടത്. സംഘടന അതിന്റെ പ്രഖ്യാപിത ആദർശങ്ങൾക്കനുഗുണമായിട്ടാണോ പ്രവർത്തിച്ചുവരുന്നത്, അതല്ല അതിനു വിരുദ്ധമായിട്ടാണോ? പ്രഖ്യാപിത ആദർശത്തിനു വിരുദ്ധമാണ് പ്രവർത്തനമെങ്കിൽ ആക്ഷേപം ശരിതന്നെ. നേരെ മറിച്ചാണെങ്കിൽ ആക്ഷേപം അബദ്ധം മാത്രമല്ല, ശുദ്ധ ഭോഷ്ക്കുമാണ്. വാക്കും പ്രവൃത്തിയും ഒന്നായ ഒരാളെ കപടനെന്നു വിളിക്കുന്നതുപോലെ. ഒരാൾ പറയുന്നത് അബദ്ധമാകാം. പറയുന്നതു തന്നെ പ്രവർത്തിക്കുന്നുവെങ്കിൽ പ്രവൃത്തിയും അബദ്ധമാകാം. അബദ്ധമെന്നു കാണുന്നവർക്ക് അത് ചൂണ്ടിക്കാണിക്കാവുന്നതാണ്. പക്ഷേ, അത്തരം ഒരാളെക്കുറിച്ച് അയാൾ പറയുന്നതും പ്രവർത്തിക്കുന്നതുമല്ല അയാളുടെ ഉദ്ദേശ്യമെന്നോ അയാൾ കപടനാണെന്നോ പറയുന്നത് അസംബന്ധമാണ്. ഒരു ലക്ഷ്യം പ്രഖ്യാപിക്കുകയും ആ ലക്ഷ്യത്തിനു വേണ്ടിത്തന്നെ പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് ആർക്കാണ് മറ്റൊരു ലക്ഷ്യം നേടാൻ കഴിയുക?

ജമാഅത്തെ ഇസ്‌ലാമിയുടെ ഇന്നോളമുള്ള പ്രവർത്തന ചരിത്രം തുറന്ന പുസ്തകം പോലെ ബഹുജന ദൃഷ്ടിയിലുണ്ട്. പുസ്തകങ്ങളിലൂടെയും പത്ര മാസികകളിലൂടെയും പ്രഭാഷണങ്ങളിലൂടെയും അത് ജനങ്ങളുമായി നിരന്തരം സംവദിച്ചു വരുന്നു. ജമാഅത്ത് എവിടെയെങ്കിലും വർഗീയാസ്വാസ്ഥ്യം ഇളക്കിവിട്ടതായോ ഏതെങ്കിലും വർഗീയ കലാപത്തിൽ നിന്ന് മുതലെടുക്കാൻ ശ്രമിച്ചതായോ ചരിത്രമില്ല. സ്വതന്ത്ര ഇന്ത്യയിൽ ഇതിനകം എണ്ണമറ്റ വർഗീയ കലാപങ്ങളെക്കുറിച്ച് അന്വേഷിച്ച ഏജൻസികളൊന്നും ഏതെങ്കിലും വർഗീയ ലഹളയിൽ ജമാഅത്തെ ഇസ്‌ലാമി എന്തെങ്കിലും തരത്തിൽ പങ്കുവഹിച്ചതായി ആരോപിച്ചിട്ടില്ല. മിക്ക ഇന്ത്യൻ ഭാഷകളിലും ജമാഅത്ത് പുസ്തകങ്ങളും പത്രങ്ങളും പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. അവയൊക്കെയും എന്നും സ്വീകരിച്ചു പോന്നിട്ടുള്ളത് സാമുദായിക സൗഹാർദവും സമാധാനപരമായ സഹവർത്തിത്വവും പുഷ്ടിപ്പെടുത്തുന്ന നയനിലപാടുകളാണ്. സമൂഹത്തിൽ സമാധാനഭംഗമുണ്ടാക്കുന്ന വാർത്തകളോ ലേഖനങ്ങളോ പ്രസിദ്ധീകരിച്ചതിന്റെ പേരിൽ ഏതെങ്കിലും ജമാഅത്ത് പ്രസിദ്ധീകരണത്തിന്റെ പേരിൽ സർക്കാറിന് നടപടിയെടുക്കേണ്ടി വന്നിട്ടുമില്ല.

ആർ.എസ്.എസ്സിനെ വർഗീയ വീക്ഷണമുള്ള ഏകാധിപത്യ സംഘടന എന്നു വിശേഷിപ്പിച്ച രാഷ്ട്രപിതാവ് മഹാത്മാഗാന്ധി 1946-ൽ പാറ്റ്നയിൽ ചേർന്ന ജമാഅത്ത് സമ്മേളനത്തിൽ പ്രവർത്തകരുടെ ക്ഷണം സ്വീകരിച്ച് സംബന്ധിക്കുകയുണ്ടായി. അന്ന് ജമാഅത്തിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞത് ‘ഫക്കീറന്മാരുടെ സമ്മേളനത്തിൽ കാൽനടയായിട്ടെങ്കിലും ഞാൻ ഇനിയും സംബന്ധിക്കാൻ എത്തും’ എന്നായിരുന്നു.

ജമാഅത്തിന്റെ ജാതിമത ചിന്തകൾക്കതീതമായ ദുരിതാശ്വാസ പ്രവർത്തനങ്ങളെയും സാമുദായിക സൗഹാർദം നിലനിർത്തുന്നതിന് നൽകുന്ന സംഭാവനകളെയും വിലയിരുത്തിക്കൊണ്ട് പ്രമുഖ ഗാന്ധി ശിഷ്യനായ പണ്ഡിറ്റ് സുന്ദർലാൽ പറഞ്ഞു: “സാമുദായിക സൗഹാർദവും ഹിന്ദു-മുസ്‌ലിം ഐക്യവും ഉന്നംവെച്ച് പ്രവർത്തിക്കുന്ന വല്ല സംഘടനയും ഇന്ന് രാജ്യത്തുണ്ടെങ്കിൽ അത് ജമാഅത്തെ ഇസ്‌ലാമിയാണെന്ന് പൂർണമായ ഉത്തരവാദിത്വത്തോടെ എനിക്ക് പറയാൻ കഴിയും.” ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ സാക്ഷാൽ ലക്ഷ്യം ഇസ്‌ലാമിന്റെ പ്രചാരണമാണ്. ഈ ലക്ഷ്യത്തോട് യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാൻ ആർക്കും സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഈ മാർഗത്തിൽ നടത്തപ്പെടുന്ന പ്രവർത്തനം സമാധാനപരമായിരിക്കുന്ന കാലത്തോളം അതിനെ എതിർക്കാൻ ആർക്കും അവകാശമില്ല. ജമാഅത്തെ ഇസ്‌ലാമി രാജ്യത്തൊരിടത്തും വളണ്ടിയർമാർക്കോ പ്രവർത്തകർക്കോ ഒരുവിധത്തിലുള്ള സൈനിക പരിശീലനവും നൽകുന്നില്ല.

1964-ൽ രാജസ്ഥാൻ ഗവൺമെന്റ് ജമാഅത്ത് പ്രവർത്തകരായ ഏതാനും അധ്യാപകരെ ജോലിയിൽനിന്ന് പിരിച്ചുവിട്ടു. ജമാഅത്തുമായി ബന്ധമുള്ളവരുടെ പ്രവർത്തനം സംസ്ഥാനത്തിന്റെ സുരക്ഷക്ക് ഭീഷണിയാണ് എന്നായിരുന്നു അവർക്കെതിരെ ഉന്നയിക്കപ്പെട്ട കുറ്റം. അധ്യാപകർ രാജസ്ഥാൻ ഹൈക്കോടതിയെ സമീപിച്ചു. പിരിച്ചുവിടൽ ഉത്തരവ് റദ്ദാക്കിക്കൊണ്ട് ഹൈക്കോടതി നൽകിയ വിധിയിൽ, ജമാഅത്തെ ഇസ്‌ലാമി നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന് യാതൊരു തെളിവും ഹാജരാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല എന്ന് പ്രത്യേകം പ്രസ്താവിച്ചിരുന്നു.

1970-ൽ ദൽഹിയിൽ ചേർന്ന കോൺഗ്രസ് നേതൃസമ്മേളനം (എ.ഐ.സി.സി) ജമാഅത്തിനെതിരെ ഒരു പ്ര

**ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ സാക്ഷാൽ ലക്ഷ്യം ഇസ്‌ലാമിന്റെ പ്രചാരണമാണ്. ഈ ലക്ഷ്യത്തോട് യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാൻ ആർക്കും സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഈ മാർഗത്തിൽ നടത്തപ്പെടുന്ന പ്രവർത്തനം സമാധാനപരമായിരിക്കുന്ന കാലത്തോളം അതിനെ എതിർക്കാൻ ആർക്കും അവകാശമില്ല.**

**ജമാഅത്തെ ഇസ്‌ലാമി വർഗീയതയെ മാത്രമല്ല; നിയമവിരുദ്ധവും വിധ്വംസകവും ഗൂഢാത്മകവുമായ എല്ലാ പ്രവർത്തനങ്ങളെയും നിരാകരിക്കുന്നു. രണ്ടു വട്ടം നിരോധിക്കപ്പെട്ടപ്പോഴും അണ്ടർ ഗ്രൗണ്ട് പ്രവർത്തനത്തെക്കുറിച്ചോ സായുധ നടപടികളെക്കുറിച്ചോ അത് ചിന്തിക്കുക പോലുമുണ്ടായില്ല.**

മേയം കൊണ്ടുവരികയുണ്ടായി. ജമാഅത്തെ ഇസ്‌ലാമി ആർ.എസ്.എസ്സിനെപ്പോലെ അർധ സൈനിക സംഘടനയാണ്, രാജ്യത്തിന്റെ മതേതര ഭാവനയെ നിരാകരിക്കുന്നു, രാജ്യത്ത് വർഗീയാക്രമണത്തിന്റെയും വിദ്വേഷത്തിന്റെയും വികാരങ്ങളിളക്കിവിടുന്നു എന്നൊക്കെയായിരുന്നു ആരോപണങ്ങൾ. ഒന്നിനും യാതൊരു തെളിവും ചൂണ്ടിക്കാണിച്ചിരുന്നില്ല. ചില കോൺഗ്രസ് നേതാക്കൾ തന്നെ ഈ നടപടിയിൽ അതൃപ്തി പ്രകടിപ്പിക്കുകയുണ്ടായി. കേരളത്തിലെ സ്വാതന്ത്ര്യ സമരസേനാനിയും കോൺഗ്രസ് നേതാവുമായിരുന്ന ഇ. മൊയ്തു മൗലവി അതേക്കുറിച്ച് തന്റെ *അൽ അമീനിൽ* എഴുതി: "അടുത്ത കാലത്തായി ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയ അഭിപ്രായങ്ങളെക്കുറിച്ച് ഞാൻ പഠനം നടത്തുന്നുണ്ട്. അപകടകരങ്ങളായ എന്തെങ്കിലും അഭിപ്രായങ്ങൾ അവർ പ്രകടിപ്പിക്കുന്നതായി ഞാൻ കാണുകയുണ്ടായിട്ടില്ല. എന്തൊരടിസ്ഥാനത്തിലാണ് സർക്കാർ അവരെ നിരോധിക്കണമെന്ന് കോൺഗ്രസ് അഭിപ്രായപ്പെടുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ജമാഅത്തെ ഇസ്‌ലാമി നിരോധിക്കപ്പെടേണ്ട ഒരു സംഘടനയാണെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് ഭരണകക്ഷിക്കാർ വ്യക്തമാക്കേണ്ടതുണ്ട്."

സ്വതന്ത്ര ഭാരതത്തിൽ രണ്ടു വട്ടം ജമാഅത്തെ ഇസ്‌ലാമി നിരോധിക്കപ്പെടുകയുണ്ടായി. രണ്ടു വട്ടവും ഏതെങ്കിലും തരത്തിലുള്ള കുറ്റം തെളിയിക്കപ്പെട്ടതുകൊണ്ടായിരുന്നില്ല. ആർ.എസ്.എസ് എന്ന ഹൈന്ദവ സംഘടനയെ നിരോധിക്കേണ്ടി വന്നപ്പോൾ തൂക്കമൊപ്പിക്കാൻ ഒരു മുസ്‌ലിം സംഘടനയെയും നിരോധിക്കുകയായിരുന്നു. രണ്ടാം വട്ടം ജമാഅത്ത് കോടതിയെ സമീപിച്ചു. ജമാഅത്തിന്റെ മേൽ ഏർപ്പെടുത്തിയ നിരോധം അന്യായമാണെന്നായിരുന്നു കോടതിയുടെ വിധി.

ജമാഅത്തെ ഇസ്‌ലാമി വർഗീയതയെ മാത്രമല്ല; നിയമവിരുദ്ധവും വിധ്വംസകവും ഗൂഢാത്മകവുമായ എല്ലാ പ്രവർത്തനങ്ങളെയും നിരാകരിക്കുന്നു. രണ്ടു വട്ടം നിരോധിക്കപ്പെട്ടപ്പോഴും അണ്ടർ ഗ്രൗണ്ട് പ്രവർത്തനത്തെക്കുറിച്ചോ സായുധ നടപടികളെക്കുറിച്ചോ അത് ചിന്തിക്കുക പോലുമുണ്ടായില്ല. ജമാഅത്ത് ഭരണഘടന പറയുന്നു: "ജമാഅത്ത് അതിന്റെ ലക്ഷ്യ പ്രാപ്തിക്കായി രചനാത്മകവും സമാധാനപൂർവകവുമായ മാർഗങ്ങൾ അവലംബിക്കുന്നതാണ്. അതായത് ആദർശ പ്രചാരണവും പ്രബോധനവും വഴി ഹൃദയങ്ങളും സ്വഭാവചര്യകളും സംസ്കരിക്കുന്നതും അങ്ങനെ നാട്ടിന്റെ സാമൂഹികജീവിതത്തിൽ ഉദ്ദിഷ്ടമായ ഉത്തമവിപ്ലവം വരുത്തുന്നതിന് പൊതുജനാഭിപ്രായം വളർത്തിക്കൊണ്ടുവരുന്നതുമാണ്" (ജമാഅത്തെ ഇസ്‌ലാമി ഭരണഘടന ഖണ്ഡിക 5-ൽ 3).

(തുടരും)